## കേരള സർവകലാശാല

നം. പി.ആർ.052/2016 ഫോൺ : 2305738

### പത്രക്കുറിപ്പ്

### ബി.എസ്‌സി മാത്തമാറ്റിക്സ് പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല ഏപ്രിൽ 20-ന് തുടങ്ങുന്ന അവസാന വർഷ ബി.എസ്‌സി പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ (ആന്വൽ സ്കീം - ഏപ്രിൽ/മേയ് 2016) പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, വർക്കല എസ്.എൻ കോളേജ്, കൊല്ലം എസ്.എൻ കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ്, കാസർഗോഡ് കല്ലിയോട്ട് കാഞ്ഞിരടുക്കം ഗവ. എച്ച്.എസ്.എസ് എന്നിവ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കൊല്ലം എഫ്.എം.എൻ കോളേജ്, കായംകുളം എം.എസ്.എം കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, കൊല്ലം എസ്.എൻ കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ് എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

### ബി.കോം പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല ഏപ്രിൽ 20-ന് തുടങ്ങുന്ന മൂന്നാം വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, ഗവ. സംസ്കൃത കോളേജ്, ഗവ. കോളേജ് ഫോർ വിമൻ എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട സപ്ലിമെന്ററി വിദ്യാരത്ഥികൾ യഥാക്രമം എം.ജി കോളേജ്, ചെമ്പഴന്തി എസ്.എൻ കോളേജ്, നീറമൺകര എൻ.എസ്.എസ് കോളേജ് ഫോർ വിമൻ എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

കൊല്ലം എഫ്.എം.എൻ കോളേജ് ആവശ്യപ്പെട്ട രജി.നം 928601 - 928950 വരെയുള്ളവർ കൊല്ലം എഫ്.എം.എൻ കോളേജിലും രജി.നം 927001 - 927220 വരെയുള്ളവർ കൊല്ലം എസ്.എൻ കോളേജിലും രജി.നം 929125 - 929402, 928501-928535 വരെയുള്ളവർ കൊല്ലം ടി.കെ.എം കോളേജിലും സപ്ലിമെന്ററി വിദ്യാർത്ഥികളും രജി.നം. 928951-929124 വരെയുള്ളവർ ചാത്തന്നൂർ എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

പന്തളം എൻ.എസ്.എസ് കോളേജ് ആവശ്യപ്പെട്ട രജി.നം 915003 - 915290 വരെയുള്ളവർ അടൂർ സെന്റ് സിറിൾസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. ശേഷമുള്ളവർ പന്തളം എൻ.എസ്.എസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

### ബി.എ ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാല ഒന്ന്, രണ്ട് വർഷ ബി.എ (ആന്വൽ സ്കീം) പരീക്ഷയ്ക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ ഏപ്രിൽ 18 (50 രൂപ പിഴയോടെ ഏപ്രിൽ 19, 250 രൂപ പിഴയോടെ ഏപ്രിൽ 20) വരെ

അപേക്ഷിക്കാം. രജിസ്ട്രേഷൻ വിവരങ്ങൾ www.de.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

## ബി.കോം പരീക്ഷ

കേരള സർവകലാശാല മേയിൽ നടത്തുന്ന ബി.കോം (ആന്വൽ സ്കീം) ഒന്നാം വർഷ പരീക്ഷയ്ക്ക് ഏപ്രിൽ 19 മുതൽ 25 വരെ പിഴകൂടാതെയും 50 രൂപ പിഴയോടുകൂടി ഏപ്രിൽ 27 വരെയും 250 രൂപ പിഴയോടെ ഏപ്രിൽ 30 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങളും നിർദ്ദേശങ്ങളും www.de.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

## എം.ഫിൽ പ്രവേശനപ്പരീക്ഷ

കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലേയും യൂണിവേഴ്സിറ്റി കോളേജിലേയും എം.ഫിൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനപ്പരീക്ഷ ഏപ്രിൽ 18 മുതൽ 21 വരെ നടക്കും. ഹാൾടിക്കറ്റും ടൈംടേബിളും ഏപ്രിൽ 15 മുതൽ വെബ്സൈറ്റിൽ അഡ്മിഷൻ പോർട്ടലിൽ (www.admissions.keralauniversity.ac.in) നിന്നും ഡൗൺലോഡ് ചെയ്യാം.

## സമ്പർക്കക്ലാസ്

കേരള സർവകലാശാല മൂന്നാം വർഷ ബി.എസ്സി/ബി.സി.എ വിദ്യാർത്ഥികൾക്ക് ഏപ്രിൽ 16, 17 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ വച്ച് സമ്പർക്കക്ലാസ് ഉണ്ടായിരിക്കും.

## ശിൽപശാല

കേരള സർവകലാശാല കാര്യവട്ടം മന:ശാസ്ത്ര പഠനവകുപ്പിന്റെ പൂർവ്വവിദ്യാർത്ഥി സംഘടനയായ 'ഓർമ്മ' ഈ വർഷത്തെ (2016) കൂട്ടായ്മ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഏപ്രിൽ 30-ന് ഹിപ്നോസിസ് ഫോർ ഡെയ്‌ലി എൻഹാൻസ്മെന്റ് (ഹിപ്നോട്ടിസം) എന്ന വിഷയത്തിൽ ഡോ. ജിനി കെ. ഗോപിനാഥ് നേതൃത്വം നൽകുന്ന ശിൽപശാല നടത്തും. പൊതുജനങ്ങൾക്കും ശിൽപശാലയിൽ പങ്കെടുക്കാം. മേയ് ഒന്നിന് 'ഓർമ്മ' വാർഷിക കൂട്ടായ്മയും നടത്തും. എല്ലാ പൂർവ്വ വിദ്യാർത്ഥികളും പങ്കെടുക്കണം. ഫോൺ. 9895825310, 9447019348.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
13.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ